**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

<table>
<tr><td colspan="2"><u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1460</u></td><td colspan="2"><u>06.03.2020-ൽ മറുപടിയ്ക്ക്</u></td></tr>
<tr><td colspan="4"><u>ഇടക്കൊച്ചി വില്ലേജിലെ മധുരകമ്പനി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ</u></td></tr>
<tr><td colspan="2"><u>ചോദ്യം</u></td><td colspan="2"><u>ഉത്തരം</u></td></tr>
<tr><td colspan="2">ശ്രീ.ജോൺ ഫെർണാണ്ടസ്</td><td colspan="2">എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 2 കോടി 78 ലക്ഷം രൂപയും എം.പി ഫണ്ടിൽ നിന്നും 80 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ള ഇടക്കൊച്ചി വില്ലേജിലെ പഷ്ണിത്തോടിന് കുറുകെ പണിയുന്ന മധുരകമ്പനി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിനു കാരണം വ്യക്തമാക്കാമോ;</td><td rowspan="4">(എ), (ബി), (സി) & (ഡി)</td><td rowspan="4">ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കൊച്ചി കോർപ്പറേഷൻ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ശ്രീ. എളമരം കരീം എം.പി.യുടെ MPLADS പദ്ധതിയിൽ നിന്നും 80,00,000/- രൂപ അനുവദിക്കുന്നതിനായി എസ്റ്റിമേറ്റും മറ്റു അനുബന്ധ രേഖകളും ജില്ലാ കളക്ടർക്ക് കോർപ്പറേഷൻ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും സൈറ്റ് പരിശോധിക്കുകയും നിർദ്ദിഷ്ട പ്രദേശത്ത് CRZ നിയമങ്ങൾ പ്രകാരം നിർമ്മാണം നടത്തുന്നതിന് തടസ്സം ഇല്ലായെന്ന ബന്ധപ്പെട്ട വകുപ്പിന്റെ സാക്ഷ്യപത്രവും അനുബന്ധ രേഖകളും സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 30.11.2019-ലെ കത്ത് പ്രകാരം കൊച്ചി കോർപ്പറേഷൻ CRZ Clearance ലഭ്യമാക്കുന്നതിനായി കേരള തീരദേശ പരിപാലന മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേരള തീരദേശ പരിപാലന മാനേജ്മെന്റ് അതോറിറ്റിയുടെ 7.2.2020 ലെ 2580/A1/2019/ KCZMA നമ്പർ കത്ത് പ്രകാരം (1) Form1 Authenticated by the municipal secretary (2) Budget Estimate (3) Scrutiny Fee based on budget estimate (4) CRZ status Report (5) NOC from Pollution Control Board എന്നീ രേഖകൾ കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ടി രേഖകൾ അടിയന്തിരമായി ലഭ്യമാക്കി CRZ Clearance ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.<br><br>23.09.2019 ലെ REV-B2/168/2019/REV നമ്പർ സർക്കുലർ പ്രകാരം ഇടക്കൊച്ചി വില്ലേജ് സർവ്വെ 420/1,5-ൽ പെട്ട ശ്രീ. അഗസ്റ്റിൻ അറക്കപ്പറമ്പിൽ, ശ്രീ. അബൂബക്കർ ചുളളിക്കൽ എന്നിവരുടെ സ്ഥലം കണ്ണങ്ങാട്ട് മധുരക്കമ്പനി പാലത്തിനുവേണ്ടി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി കൊച്ചി തഹസിൽദാർക്ക് കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>ഭരണാനുമതി ലഭിച്ച 2 കോടി 78 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ;ഇല്ലെങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ;</td></tr>
<tr><td>(സി)</td><td>ഇതു സംബന്ധിച്ച് സ്ഥലമെടുപ്പ് നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;</td></tr>
<tr><td>(ഡി)</td><td>എം.പി ഫണ്ടിൽ നിന്നും അപ്രോച്ച് റോഡിനായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടും ഭരണാനുമതി ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ